ശ്രീ. എൻ. കണപതി: സർ, അൻസ്ടാർടു കേൾവി നം. 1111-ക്കു 21-3-1969-ൽ അമൈച്ചർ അവർകൾ വിടെ നൽകിയപോതു ഇന്ത കവർമെൻട്ടുക്കു സൊന്തമാന കമ്പെനികളിൽ വെൽപയർ ആപീസർകൾ കാലിയിടം ഉൺടു എൻറും അവൈകൾ നിരപ്പപ്പടുമ് എൻറും കൂറിയതു ഉൺമൈയാ ?

തിരു. ടി. വി. താമസ്: പാർക്കലാം.

ശ്രീ. എൻ. കണപതി: സർ, ആകട്ടുമ് പാർക്കലാം എൻറു സൊൻനാൽ പോതാതു. കോവാപ്പരേട്ടിവ് ഇൻസ്പെക്ടർകൾ വിഷയത്തിൽ അതാവതു എമ്. എസ്. ടപ്ലിയു. പാസാനവർകളുക്കാവതു അപ്പായിൻട്മെൻട് ഉടനടി നടത്തപ്പടുമാ ?

ശ്രീ. ടി. വി. തോമസ്; 1970-നു ശേഷമേ അതു് വരുന്നുള്ളു.

ശ്രീ. എൻ. കണപതി: സർ, ഏർണി 1970-ൽ പില്ലപ് ചെയ്യവേണ്ടിയതു ഇതുവരൈയുമ് ചെയ്യവില്ലൈ എൻപതാൽ കുവാപ്പരേട്ടിവ് ഇൻസ്പെക്ടർകളുടൈയ കാരിയത്തിലാവതു ഉടനടി ഇന്ത മാതമേ അപ്പായിൻട്മെൻട് നടത്ത ഏർപാടു ചെയ്യപ്പടുമാ ?

ഡെപ്യൂട്ടി സ്പീക്കർ: അതു് 1970-നു ശേഷമേ വരുന്നുള്ളു എന്നു പറഞ്ഞുവല്ലോ.

ശ്രീ. എ. വി. ആര്യൻ: തമിഴിലുള്ള ചോദ്യങ്ങൾക്കു് ഇംഗ്ലീഷു് തർജ്ജിമ ചെയ്യുന്നതു നിറുത്തി മലയാളത്തിലാക്കിയാൽ കൊള്ളാം.

## പഞ്ചായത്തുകളുടെ പുനർവിഭജനം

* 255 [910] ശ്രീ കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളെ, കാര്യക്ഷമമായ പ്രവർത്തന സൗകര്യം പരിഗണിച്ചു്, വിപുലപ്പെടുത്തി പുനർവിഭജനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണനിയമത്തിന്റെ നിർവ്വഹണത്തിനു് ഈ നടപടി ആവശ്യമാണെന്നു് ഗവൺമെൻറു് കരുതുന്നുണ്ടോ?

വിദ്യാഭ്യാസ മന്ത്രി ശ്രീ. സി. എച്ചു്. മുഹമ്മദുകോയ:

(എ) ഇല്ല.

(ബി) ഇല്ല.

## റൂറൽ ഇൻഡസ്ട്രീസു് പ്രോജക്ടുകൾ

* 256 [911] ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഇൻഡസ്ട്രീസു് പ്രോജക്ടുകൾക്കുവേണ്ടി നടപ്പു വർഷത്തിൽ കേന്ദ്രഗവൺമെൻറു് അനുവദിച്ച തുക എത്ര;

(ബി) പ്രോജക്ടിന്റെ കീഴിൽ ആരംഭിച്ച പല വ്യവസായസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

പനങ്ങളും ലോൺ കിട്ടാത്തതിന്റെ പേരിൽ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കാതെ വിഷമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തു നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

വ്യവസായമന്ത്രി ശ്രീ. ടി. വി. തോമസ്: (എ) കഴിഞ്ഞവർഷം 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇക്കൊല്ലം 3.55 ലക്ഷം രൂപ മാത്രമേ ഉള്ളൂ. ഭരണപരമായ ചെലവിലേക്കു മാത്രമാണ് ഈ സംഖ്യ അനുവദിച്ചിരിക്കുന്നത്.

(ബി) ഉണ്ട്.

(സി) പ്രോജക്റ്റിൽ നിന്നും വേണ്ടത്ര ധനസഹായം ചെയ്യാൻ സാധിക്കാത്തതിനാൽ കമേഴ്സ്യൽ ബാങ്കുകളും, സ്റ്റേറ്റ് ഫൈനാൻസ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഇത്തരം വ്യവസായികൾക്ക് സാമ്പത്തിക സഹായം കിട്ടുന്നതിനുവേണ്ട ഇടപാടുകളും ചെയ്തുവരുന്നു.

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: പ്രോജക്റ്റുകളുടെ പ്രവർത്തനം നിർത്തൽ ചെയ്യാൻ വേണ്ടി കേന്ദ്രഗവൺമെന്റോ പ്ലാനിംഗ് കമ്മിഷനോ ആലോചിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: നിർത്തൽ ചെയ്യാനുള്ള തീരുമാനമെടുത്തു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞവർഷം 20 ലക്ഷം നീക്കിവച്ചിരുന്ന സ്ഥാനത്ത് ഈ വർഷം മൂന്നര ലക്ഷം രൂപയായി കുറവു ചെയ്തത്.

ശ്രീ. ആർ. എസ്. ഉണ്ണി: പുതുതായി റൂറൽ ഇൻഡസ്ട്രീസ് പ്രോജക്റ്റുകളും നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ തീരുമാനമെടുത്തിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: നിവേദനം സമർപ്പിച്ചിരുന്നു. മുന്നു എണ്ണം വേണമെന്നു പറഞ്ഞു, അത് മിക്കവാറും അനുവദിക്കാമെന്നു ഇൻഡസ്ട്രീസ് മിനിസ്ട്രി സമ്മതം തന്നപ്പോഴാണ് പ്ലാനിംഗ് കമ്മിഷൻ സ്കീം തന്നെ വേണ്ടന്നു വച്ചത്.

ശ്രീ. എം. കൃഷ്ണൻ: ധനസഹായം നിർത്തൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നു പറഞ്ഞതിന്റെ കാരണമെന്താണ്?

ശ്രീ. ടി. വി. തോമസ്: 20 ലക്ഷം രൂപ ഉണ്ടായിരുന്നസ്ഥാനത്ത് മൂന്നു ലക്ഷം രൂപാ മാത്രമേ ഇപ്പോഴുള്ളൂ. നമ്മുടെ ബഡ്ജറിൽ ഇതിന് ഒൻപതു ലക്ഷം രൂപാ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൂടി ചെലവാക്കാൻ ഉദ്ദേശിച്ചാൽപോലും നമ്മുടെ കമ്മിറ്റുമെന്റ് പൂർത്തീകരിക്കാൻ സാധിക്കുകയില്ല.

ശ്രീ. എ. എസ് പുരുഷോത്തമൻ: ഈ സ്കീം നടപ്പാക്കുന്നതിനു വേണ്ട ധനസഹായം തരണമെന്ന് പറഞ്ഞ് പുതുതായി വല്ല ശ്രമവും നടത്തിയിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: വീണ്ടും നിവേദനം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്ലാനിംഗ് കമ്മിഷന്റെ തീരുമാനത്തെ ശക്തിപൂർവ്വം എതിർത്തിട്ടുണ്ട്. ഇൻഡസ്ട്രീസ് മിനിസ്ട്രി വളരെ അനുഭാവപൂർവ്വമാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യം കൈകാര്യം ചെയ്തിട്ടുള്ളത്. പ്ലാനിംഗ് കമ്മിഷനാണ് ഇതിനെതിരായി വളരെ ശക്തമായ നിലപാട് സ്വീകരിച്ചിരിക്കുന്നത്. അതാണ് ബുദ്ധിമുട്ട്.

ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം 912 എ മുതൽ എഫ് വരെയുള്ളതിന് 714-ാം നമ്പർ ചോദ്യത്തിന് ഉത്തരം പറഞ്ഞിട്ടുള്ളതാണ്. ജി, എച്ച് ഇവയ്ക്കുമാത്രം ഉത്തരം പറഞ്ഞാൽ മതി.

## മന്ത്രിമാരുടെ പേരിലുള്ള അഴിമതിയാരോപണം

* 257 [912] ശ്രീ. എ. എസ്. പുരുഷോത്തമൻ:
,, പി. പി. ജോർജ്ജ്:
,, കെ. എം. ജോർജ്ജ്: } താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ആഗസ്റ്റ് മാസത്തിൽ നടന്ന നിയമസഭാ സമ്മേളനത്തിൽ ഗുരുതരമായ അഴിമതിയാരോപണങ്ങൾക്ക് വിധേയരായ മന്ത്രിമാരുടെ പേരിൽ കമ്മീഷൻ ഓഫ് എൻക്വയറി ആക്ടനുസരിച്ച് അന്വേഷണം ഉടനെ ഉത്തരവ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് എം. എൽ. എ. മാരുടെ മെമ്മോറാണ്ടം ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര എം. എൽ. എ. മാർ ഒപ്പിട്ട മെമ്മോറാണ്ടം ലഭിക്കുകയുണ്ടായി;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം മന്ത്രിമാരെക്കുറിച്ചാണ് ഇപ്രകാരം പരാതി ലഭിച്ചിട്ടുള്ളത്;

(ഡി) ഓരോ മന്ത്രിയേയും കുറിച്ചുള്ള ആരോപണങ്ങൾ എന്തെല്ലാമെന്നും, ആരോപണങ്ങൾ സമർപ്പിച്ചതു ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) ഈ ആരോപണങ്ങളെക്കുറിച്ചു വല്ല നടപടിയും സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ആരോഗ്യമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും പേരിലുണ്ടായ അഴിമതി ആരോപണങ്ങൾ മുഖ്യമന്ത്രി പരിശോധിച്ചതിൽ അവർ പ്രഥമദൃഷ്ട്യാ കുറ്റക്കാരനല്ലെന്നു തീരുമാനമെടുത്തിരുന്നുവോ;

(ജി) ഇതേ കാലഘട്ടത്തിൽ ഇവരുടെ പ്രൈവറ്റ് സെക്രട്ടറിമാരെ മാറ്റം ചെയ്യുകയുണ്ടായോ;

(എച്ച്) ഉണ്ടെങ്കിൽ കാരണമെന്ത് ?

വനം മന്ത്രി (ശ്രീമതി. കെ. ആർ. ഗൗരി):

(ജി) വനംവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയേയും, ആരോഗ്യവകുപ്പുമന്ത്രിയുടെ പി. എ. യേയും മാറ്റുകയുണ്ടായിട്ടുണ്ട്.

(എച്ച്) അവരുടെ ആവശ്യപ്രകാരം,

ശ്രീ. പി. പി. ജോർജ്ജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിൽ ഏതെങ്കിലും എം. എൽ. എ. മാരിൽ നിന്നും അഴിമതിയാരോപണത്തെ സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽനിന്നാണെന്നു പറയാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly